(ബി) പുറംപോക്ക് ഭൂമിയിൽ വർഷങ്ങളോളമായി കുടിൽ കെട്ടി താമസിച്ചു വരുന്ന എത്ര പേരുടെ പട്ടയം ലഭിക്കാനുള്ള അപേക്ഷ ഓരോ പഞ്ചായത്തിലും തീരുമാനം കൈക്കൊള്ളുവാനുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)	ബാലുശ്ശേരി	..	0.36 ഹെക്ടർ
	പനങ്ങാട്	..	0.08 ഹെക്ടർ
	ഉള്ളിയേരി	..	0.11 ഹെക്ടർ
	അത്തോളി	..	0.02 ഹെക്ടർ

(ബി) ബാലുശ്ശേരി, പനങ്ങാട്, അത്തോളി എന്നീ പഞ്ചായത്തുകളിൽ അപേക്ഷകൾ ഒന്നുംതന്നെ നിലവിലില്ല. എന്നാൽ ഉള്ളിയേരി വില്ലേജിൽ ഒരു അപേക്ഷ ഇപ്പോൾ നിലവിലുണ്ട്.

ഹൗസിംഗ് ബോർഡ് നിർമ്മിച്ച ഫ്ളാറ്റുകൾ

27 [5002] ശ്രീ. കെ. അച്ചുതൻ:
,, ടി. എൻ. പ്രതാപൻ:
ശ്രീമതി മേഴ്സി രവി:
ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹൗസിംഗ് ബോർഡ് നിർമ്മിച്ച എത്ര ഫ്ളാറ്റുകൾ വാങ്ങാൻ ആളില്ലാതെ കിടപ്പുണ്ട്;

(ബി) ഇവയുടെ നിർമ്മാണത്തിനുവേണ്ടി എന്തു തുക നിക്ഷേപിച്ചിട്ടുണ്ട്;

(സി) ഇവ വാങ്ങുവാൻ ആളുകൾ മടിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഹൗസിംഗ് ബോർഡ് വിവിധ പദ്ധതികളിൽ നിർമ്മിച്ച 375 ഫ്ളാറ്റുകൾ അലോട്ട് ചെയ്യുവാനുണ്ട്.

(ബി) ഇവയുടെ നിർമ്മാണത്തിനായി ആകെ 3000.12 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഹഡ്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ തുക സമാഹരിച്ചാണ് ബോർഡ് ഭവന പദ്ധതികൾ നടപ്പിലാക്കുന്നത്. അതുമൂലം അലോട്ട്മെന്റ് നടത്തുന്നതുവരെയുള്ള പലിശകൂടി കണക്കിലെടുത്താണ് ഫ്ളാറ്റുകളുടെ വില നിശ്ചയിക്കുന്നത്. ഇങ്ങനെ കണക്കാക്കുന്ന വില ചിലപ്പോൾ കമ്പോള വിലയേക്കാൾ കൂടുതലായതുകൊണ്ടാണ് ഇവ വാങ്ങുവാൻ ആളുകൾ മടിക്കുന്നത്. ഇത് കണക്കിലെടുത്ത് 40% വരെ വില കുറച്ച് വിൽക്കുവാൻ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) 23/03/ഭ.നി.വ. തീയതി, 16-6-2003 പ്രകാരം നടപടികൾ സ്വീകരിക്കുകയും അതനുസരിച്ച് അലോട്ടുമെന്റ് നടന്നുവരികയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly